LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ, തിരുവല്ല, സുൽത്താൻബത്തേരി, പെരുമ്പാവൂർ തുടങ്ങിയ ഡിപ്പോകളിൽ പുതിയ ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമ്മിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര, കണിയാപുരം, കൊല്ലം, ആറ്റിങ്ങൽ തുടങ്ങിയ ഡിപ്പോകളിലുള്ള പേ ആന്റ് യൂസ് ടോയ്‌ലറ്റിന്റെ അറ്റകുറ്റപ്പണികൾ നടത്തി അവ ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യത യനുസരിച്ച് ഇതേപോലെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. കൂടാതെ വനിതകൾക്കായി പ്രത്യേക വിശ്രമമുറിയും ടോയ്‌ലറ്റ് സൗകര്യമുള്ള കെട്ടിടവും ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് മിക്കവാറും എല്ലാ ഡിപ്പോകളിലും നിർമ്മിക്കുവാനുള്ള നടപടികൾ എടുത്തുകഴിഞ്ഞു.

(ബി) ഇപ്പോഴിത് ഏറ്റെടുത്തിട്ടുള്ള കരാറുകാർ മിക്കവരും ടോയ്‌ലറ്റുകൾ വൃത്തിയായി സൂക്ഷിക്കാൻ നടപടി എടുക്കാത്തതു കാരണമാണ് ഇവയുടെ പ്രവർത്തനം അധഃപതിച്ചിരിക്കുന്നത്. ഇത് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതാത് ഡി. ടി. ഒ./എ. ടി. ഒ.-മാർക്ക് അവരുടെ അധീനതയിലുള്ള പബ്ലിക്ക് ടോയ്‌ലറ്റുകൾ വൃത്തിയായി സൂക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. കൊറിയർ സർവ്വീസ്

202 (3991) ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. നേരിട്ട് കൊറിയർ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ കെ.എസ്.ആർ.ടി.സി. ബസ്സുപയോഗിച്ച മറ്റ് ഏജൻസികൾ കൊറിയർ സർവ്വീസ് ആരംഭിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ;

(ഡി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി&ഡി) കെ. എസ്. ആർ. ടി. സി. യിൽ കൊറിയർ സർവ്വീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലൈസൻസിയെ കണ്ടെത്തുന്നതിനായി ലേലം/ടെണ്ടർ നടപടി സ്വീകരിച്ചു (11-10-2007-ൽ)വെങ്കിലും യോഗ്യതയുള്ള വ്യക്തികളേയോ, സ്ഥാപനങ്ങളേയോ ലഭിക്കുകയുണ്ടായില്ല. എന്നാൽ കൊറിയർ സർവ്വീസ് പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി തൊഴിലാളി യൂണിയനുകൾ അടക്കമുള്ളവരുമായി ചർച്ചകൾ നടന്നുവരുന്നു.